

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2021 ഡിസംബർ 25

## പിറവിത്തിരുനാൾ



# ആ വഴിയിലാണ് ബെത്‌ലഹേം

ഉല്പത്തി 1/113, 2631, 2 സാമു 7/817, ഹെബ്രാ: 1/114, ലൂക്ക 2/ 114

ഒരു കഥ പറയട്ടെ...

അപ്പനും, സ്കൂളിൽ പഠിയ്ക്കുന്ന പരുവത്തിൽ രണ്ട് ആൺമക്കളും. നല്ല ഒന്നാംതരം കൂട്ടുകാർ. എന്തിനും ഏതിനും മൂവരും ഒന്നിച്ചാണ്. ക്രിസ്തുമസ്സിന് പുൽക്കൂടൊരുക്കലാണ് ഇക്കുറി പണി. എല്ലാ പണികളും കഴിഞ്ഞപ്പോൾ 'വേഗം റെഡി ആയിക്കോ, കരോൾ വരാറായി' എന്ന് പറഞ്ഞ് അപ്പൻ പോയി. അയാൾ കുളി കഴിഞ്ഞു വന്നപ്പോൾ രണ്ടുപേരും പൊരിഞ്ഞ തല്ല്. ഒന്നാമൻ പറഞ്ഞു, 'അപ്പാ, ആട്ടിടയന്മാരെ വച്ചേക്കുന്ന കണ്ടില്ലേ, അവർ ഉണ്ണിയെ നോക്കി അങ്ങോട്ട് തിരിഞ്ഞല്ലേ നിൽക്കേണ്ടത്? '. അപ്പൊ രണ്ടാമൻ, 'അവർ ഉണ്ണിയെ കണ്ട് മടങ്ങുന്ന പോലെ തോന്നണം. ഇങ്ങോട്ട് തിരിച്ചു വച്ചാൽ മതി'. അതും പറഞ്ഞ് പിന്നെയും അടി. അപ്പനു ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. ഓടിവന്ന് ആടുകളെയും ഇടയന്മാരെയും രാജാക്കന്മാരെയും എല്ലാം വാരിക്കൂട്ടി പഴയ പത്രക്കടലാസ്സിൽ തിരുകി പെട്ടിയിലിട്ട് തട്ടിൻപുറത്തു കൊണ്ട് വച്ചു. 'വെറുതെ ഇരിക്കുമ്പോൾ ഓരോന്ന് തോന്നും. ഇപ്രാവശ്യം വേറാരും വേണ്ട. ഉണ്ണിയും മാതാവും, ഔസേപ്പിതാവും മാത്രം മതി. ആ.. പിന്നെ ആ മാലാഖായേക്കൂടി തൂക്കിക്കോ... എന്നിട്ട് ഓടി പൊയ്ക്കോ രണ്ടും.... ക്രിസ്തുമസിന് വരുന്നവർ കർത്താവിനെ കണ്ടേച്ചും പോയാ മതി. അതിലും വലുതല്ല  രാജാവും ആടും ....'

കിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള തിരുവെഴുത്തുകളിലൂടെ പോകുമ്പോൾ വീക്ഷണങ്ങളിൽത്തന്നെ പല  വ്യത്യാസ ങ്ങളും കാണുന്നുണ്ട്. വി.മത്തായിയുടെ സുവിശേഷത്തിൽ യൗസേപ്പിനാണ് ദൂതൻ പ്രത്യക്ഷപ്പെടുന്നതെങ്കിൽ വി.ലുക്കയെ വായിക്കുമ്പോൾ മാതാവിനാണ് ഗബ്രിയേൽ പ്രത്യക്ഷപ്പെടുന്നത്. അതുപോലെ ഇന്നത്തെ ഓരോ വചന ഭാഗത്തുകൂടെ ധ്യാനിച്ചുപോകുമ്പോഴും അതൊക്കെ വിരൽ ചൂണ്ടുന്നതും നാം ധ്യാനിക്കേണ്ടതും പിള്ളക്കച്ചയിൽ പൊതിഞ്ഞു കിടക്കുന്ന രക്ഷകനെക്കുറിച്ചല്ലാതെ മറ്റെന്താണ്? യൗസേപ്പും മറിയവും മാലാഖയുമെല്ലാം അവനെ ചുറ്റിപ്പറ്റിയല്ലേ നിൽക്കുന്നത്.

പുൽക്കൂട് എന്ന വാക്കു കേൾക്കുമ്പോൾ ഓർമയിൽ വരുന്ന അലക്സാണ്ടർ പോപ്പിന്റെ വരികൾ പിന്നീടെപ്പോഴോ ഡിസംബർ എന്ന് കേൾക്കുമ്പോൾത്തന്നെ മനസ്സിൽ കുളിരു നിറച്ചു തുടങ്ങി. ഉണ്ണി പിറന്ന ആയിരം പുൽക്കൂടുകൾക്കൊപ്പം എന്റെ മനസ്സിന്റെ പുൽക്കൂടുംകൂടെ ചേർക്കാൻ പഠിച്ചതങ്ങനെയാണ്. അതിൽ ഉണ്ണിപിറക്കുമ്പോൾ ഇക്കുറി എനിക്കെന്റെ ഉണ്ണിയെ മാത്രം നോക്കിയിരിയ്ക്കണം, അവനെ ഒന്ന് കെട്ടിപ്പിടിയ്ക്കണം. അവന് എന്നോട് പറയാനുള്ളതെന്ത് എന്നറിയണം.

## കാഴ്ച

'ഈയിടെയായി പത്രവായന അങ്ങ് ശരിയാവുന്നില്ല മോനേ, മഷിപോരാ... പത്രക്കാരൊക്കെ ഇങ്ങനെ പിശുക്കുന്നതെന്തിനാ ' എന്ന വല്യമ്മച്ചിയുടെ കമന്റു കേട്ടപ്പോൾത്തന്നെ പത്രം ഒന്നെടുത്തു മറിച്ചു നോക്കി. അതങ്ങ് താഴെവച്ചിട്ട് ഞാൻ പറഞ്ഞു. 'നാളെ എനിക്ക് ഓഫ് ആണ്. നമുക്ക് LF വരെയൊന്നുപോവാം,



സനു തെറ്റയിൽ, മേയ്ക്കാട്

വല്യമ്മച്ചി...' കണ്ണ് ശരിയല്ലാത്തതിന് പത്രക്കാരെപ്പറഞ്ഞിട്ടെന്ത് കാര്യം? പലതും അങ്ങനെയാണ്. വല്യമ്മച്ചിയുടെ മാത്രം പ്രശ്നമല്ല, അത്. തന്നിലേയ്ക്ക് തന്നെയൊരു യാത്ര ആവശ്യമുണ്ട്, ഓരോരുത്തർക്കും. ഉറവിടങ്ങൾ തേടിയുള്ള ഒരു തീർത്ഥാടനം. പേരെഴുതിയ്ക്കാൻ വേണ്ടി പുറപ്പെട്ട തിരുക്കുടുംബത്തേപ്പോലെ, എവിടെയാണോ നാം നിൽക്കുന്നത്, അവിടെനിന്നും ഒരു തിരിഞ്ഞു നോട്ടം. പലപ്പോഴും ആ വഴിയിലാവും ബെത്‌ലഹേം...അവിടെയേ ഉണ്ണി പിറക്കൂ.

## ഭയപ്പെടേണ്ട

മനുഷ്യനുണ്ടായ കാലം മുതൽ അവനെ കീഴ്പ്പെടുത്തുന്ന വികാരം, ഭയം! തന്റെ കൈപ്പിടിയിൽ ഒതുങ്ങാത്ത പ്രകൃതിശക്തികളെയും ഇരുട്ടിനേയും പേടിച്ച് അവൻ ഗുഹകളിൽ അന്തിയുറങ്ങിയ നാളുകൾ.. ദൈവത്തെ, രാജാവിനെ, സൈന്യത്തെ, പുരോഹിതനെ, മത പ്രമുഖരെ, എന്ന് വേണ്ട, തനിയ്ക്ക് മുകളിലുള്ള എല്ലാത്തിനെയും ഭയപ്പെട്ടിരുന്ന മനുഷ്യന്റെ മുന്നിലാണ് 'ഭയപ്പെടേണ്ട' എന്ന സദ്വാർത്തയുമായി ദൂതൻ പ്രത്യക്ഷപ്പെടുന്നത്. അതും, ആരുടെയോ പുൽമേടുകളിൽ അന്തിയുറങ്ങുന്ന, തീർത്തും നിസ്സാരരായ ഇടയരോട്... അവൻ ദൈവമാണെന്നറിയുന്നവന് പ്രത്യാശിയ്ക്കാൻ പിന്നെന്തുവേണം?...

## എന്തുകൊണ്ട് ദാവീദിന്റെ കുടുംബത്തിൽ?

കുറെ ചോദ്യങ്ങളുണ്ടിപ്പഴും മനസ്സിൽ... കാലിത്തൊഴുത്തിൽ പിറന്നവൻ പ്രവചനങ്ങൾ പൂർത്തീകരിയ്ക്കാൻ മാത്രം രാജവംശത്തിൽ ജനിക്കേണ്ടതുണ്ടോ? വേറെ എത്രയോ കുടുംബങ്ങളുണ്ട്? മഹിമ പറയാനില്ലാത്ത, മേനി നടിയ്ക്കാനില്ലാത്ത, എത്രയോ 'പാവപ്പെട്ട' കുടുംബങ്ങൾ... അങ്ങനൊരു കുടുംബത്തിൽ രക്ഷകൻ പിറക്കരുതോ? വെറുമൊരു സാധാരണക്കാരനായി ചിന്തിയ്ക്കുമ്പോൾ തോന്നുന്നതിങ്ങനെയൊക്കെയാണ് ട്ടോ. എനിയ്ക്ക് മനസ്സിലാകുന്നതിങ്ങനെയാണ്, ദൈവമായിരുന്നിട്ടും മനുഷ്യനാവാൻ കാണിച്ച ചങ്കൂറ്റം, അതിന്റെ ഒരു 'സിംബോളിക് റെപ്രെസെന്റേഷൻ' ആയിരുന്നിരിക്കണം, ഇത്. എല്ലാം ഉള്ളവനായിരുന്നിട്ടും ഒന്നും വേണ്ടെന്ന് വയ്ക്കാനുള്ള ചങ്കൂറ്റമുണ്ടായാൽ കാര്യങ്ങൾ എളുപ്പമുണ്ട്. വളരെ ചെറിയ സമയം കൊണ്ട് ഏതൊരു മനുഷ്യന്റെ മനസ്സുകളിലേയ്ക്കും കടന്നു ചെല്ലാനാവും എന്നത് തന്നെ കാര്യം. അതവനുണ്ടായി. 'ഉപേക്ഷ', അതിന്റെ 'റീച്ച്' അതൊന്ന് വേറെതന്നെയാണ്.

സന്യാസിയായി, സഞ്ചാരിയായി എല്ലാവർക്കും വേണ്ടപ്പെട്ടവനായി മനുഷ്യന്റെ മനസ്സുകളെ കീഴടക്കാൻ അവനോളം കഴിഞ്ഞവനാരുണ്ട്? 'ഗ്ലോറിഫൈ' ചെയ്യപ്പെടാത്ത എത്രയോ പാവങ്ങൾക്കുവേണ്ടി, നിസ്സാരവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി ജനിച്ചവൻ.... എന്റെ ക്രിസ്തു.

## ക്രിസ്തുമസിന്റെ അവകാശികൾ

അവന്റെ വരവിനു വേണ്ടിയുള്ള കാത്തിരിപ്പിലായിരുന്നു ദൈവജനം. എണ്ണിയാലൊടുങ്ങാത്തത്ര വർഷങ്ങളുടെ കാത്തിരിപ്പ്. നാടകീയമായ പല മുഹൂർത്തങ്ങളും വരച്ചുകാട്ടി പല പ്രവചനങ്ങൾ.... അവയിൽ പലതും കണ്ണുന്നിൽ അരങ്ങേറുന്നതും കാത്ത് കാത്തങ്ങനെ എത്രനാൾ, എത്രയോപേർ .... എന്നാൽ ഒരിയ്ക്കൽ അവൻ ജനിച്ചു. അവൻ പിറന്നപ്പോൾ ആരറിഞ്ഞു?... ഒന്നുരണ്ട് ആട്ടിടയരും പൌരസ്ത്യ ദേശത്തെ ജ്ഞാനികളുമല്ലാതെ.... നാടകീയമായ യാതൊരു മാറ്റവും അവിടെ കണ്ടില്ല. റോമാക്കാർ അന്നും ഭരണം തുടർന്നു. പാവപ്പെട്ടവന്റെ കഷ്ടപ്പാടുകൾ, നൊമ്പരങ്ങൾ... ഒന്നും മനുഷ്യർ കരുതിയപോലെ, അവർ ചിന്തിച്ചുറപ്പിച്ച പോലെ ആയിരുന്നില്ല. ഭരിക്കുന്നവർ ഭരിച്ചു കൊണ്ടേയിരുന്നു. കക്കുന്നവർ കട്ടു കൊണ്ടും പിടിച്ചുപറിയ്ക്കുന്നവർ അങ്ങനെയും ... അപ്പോഴും ചിലർക്ക് മാത്രം വെളിപാട് നല്കപ്പെടുന്നുണ്ടായിരുന്നു, ചിലർ മാത്രം എല്ലാം കാണുന്നുണ്ടായിരുന്നു. അവർ മാത്രം ക്രിസ്തുമസ് ആഘോഷിച്ചു, അന്നും ഇന്നും.

ഒരു 'സ്വപ്നം' ദൈവത്തെ വളർത്താനുള്ള ഓർക്കാപ്പുറത്തുള്ള ക്ഷണമായി മാറുന്നു, ഔസേപ്പിന്. 'ഇതാ കർത്താവിന്റെ ദാസി' എന്ന വചനം കന്യകയെ ദൈവത്തിന്റെ അമ്മയാക്കുന്നു. വിട്ടുകൊടുക്കാൻ തുടങ്ങുമ്പോൾ പഠിയ്ക്കുന്ന പാഠം 'കരുതിയിരിയ്ക്കണം' എന്നതാണ്. ഓടാൻ, ഒളിയ്ക്കാൻ, തിരിച്ചുവരാൻ.... അത് തന്നെയാണല്ലോ ഇസ്രായേലിന്റെ ചരിത്രവും.

ചില യാത്രകൾ പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരുമ്പോഴുണ്ടാവുന്ന സങ്കടം, സ്വസ്ഥമായങ്ങനെ ജീവിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഓർക്കാപ്പുറത്തുണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ, 'നീ ആ തീരുമാനം മാറ്റണം' എന്ന് ആരോ പറയുന്ന സ്വരം... ഇതൊക്കെ ബത്‌ലഹേമി ലേയ്ക്കുള്ള ക്ഷണമായിരുന്നല്ലോ ദൈവമേ...

## ഇടയൻ

അർദ്ധരാത്രിയിൽ പോലും കിട്ടുന്ന ചില വെളിപാടുകൾക്കു പുറകെ പോകാനുള്ള 'ഭ്രാന്തും' ധൈര്യവും ഉണ്ടായാൽ ക്രിസ്തുവിനെ കാണാനാകും എന്നാണ് ആട്ടിടയന്മാർക്ക് നമ്മോട് പറയാനുള്ളത്.

രക്ഷകൻ പിറക്കുന്നത് കൊട്ടാരത്തിലാവാതെ തരമില്ല എന്ന് വിചാരിച്ചവരേക്കാൾ, വെളിപാടിന്റെ പുറകെ പോയി അവനെ കണ്ട് കുമ്പിട്ടു വണങ്ങിയ ആ പാവപ്പെട്ട ഇടയരെയല്ലേ എനിയ്ക്കും നിനക്കും ഇഷ്ടം. ക്രിസ്തുവിന്റെ പിന്തലമുറക്കാരെപ്പോലും നാം വിളിയ്ക്കുന്നത് രാജാവെന്നല്ല, ഇടയനെന്നാണ്... അവൻ എന്നെ നേർവഴിയ്ക്ക് നയിയ്ക്കും എന്നാണ് നമ്മുടെ വിശ്വാസവും. രക്ഷിയ്ക്കുന്നവൻ ദൈവമാണെന്നിരിയ്ക്കിലും ആ ദൈവത്തിങ്കലേയ്ക്ക് നയിക്കാനൊരാൾ വേണമല്ലോ, ഒരിടയൻ.. ഇതാ.. ആടുകളുടെ മണമുള്ള ഒരുവൻ എനിയ്ക്കായ് പിറന്നിരിയ്ക്കുന്നു, എന്റെ ഇടയൻ.. എന്റെ സങ്കല്പത്തിലെ ഇടയൻ ഇങ്ങനെയൊക്കെയാണ്.

## അവൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ

ഓർമ്മവച്ച കാലം മുതൽ കേൾക്കാൻ തുടങ്ങിയതാണ് 'ക്രിസ്തു ഇന്ന് ജീവിച്ചിരുന്നെങ്കിൽ എത്ര സുന്ദരമായേനെ' എന്ന്.

ആണോ?... എനിക്കറിയില്ല. അവന്റെ ശിഷ്യനായി എന്നെ 'സജസ്റ്റ്' ചെയ്യാനും എന്റെ 'ചങ്ക് ബ്രോ' ആയി അവനെ സങ്കൽപ്പിക്കാനുമൊക്കെ ആകുമായിരിയ്ക്കാം. പക്ഷെ എനിയ്ക്കുറപ്പില്ല ദൈവമെ, ഞാൻ നിന്നെ അനുഗമിയ്ക്കുമോ എന്ന്. നിന്റെ 3 വർഷത്തെ പരസ്യജീവിതകാലത്ത് ഞാനൊരു ബാലനായിരുന്നെങ്കിൽ ഒരുപക്ഷെ കൂടെ വന്നേനെ. പക്ഷെ ഇന്ന് എനിയ്ക്കൊരുപാട് വിദ്യാഭ്യാസമായി, ഡിഗ്രികളൊക്കെയുണ്ട്, നല്ലൊരു ജോലിയുണ്ട്, കുടുംബം... അങ്ങനെ അങ്ങനെ... അതുമാത്രമല്ല, രണ്ടായിരം കൊല്ലമായി നിന്നെക്കുറിച്ച് പറഞ്ഞു കേൾക്കുന്ന എന്തുമാത്രം നല്ല കാര്യങ്ങൾ... നീ ദൈവമാണെന്ന് പറഞ്ഞുതന്ന എന്റെ മാതാപിതാക്കൾ. നിന്നെ ദൈവമായി അംഗീകരിയ്ക്കാൻ ഇന്നെനിയ്ക്കെളുപ്പമാണ്. പക്ഷെ നീ ഇന്ന് വരുമ്പോൾ, ഞാൻ എന്ത് ചെയ്യുമെന്നെനിയ്ക്കറിയില്ല, പൊറുക്കണേ തമ്പുരാനേ... എനിക്ക് നിന്നെ ഇതുപോലെ സ്നേഹിച്ചാൽ മതി. പുൽക്കൂട്ടിൽ കിടന്ന് കൈകാലിട്ടടിക്കുന്നവൻ എനിയ്ക്ക് ദൈവമാണ്, അത് മതി.

അങ്ങ് ദൂരെ മിന്നിത്തിളങ്ങുന്ന നക്ഷത്രം ഒരു മാലാഖയെപ്പോലെ പറഞ്ഞുകൊണ്ടിരിപ്പുണ്ട്, 'അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം'. ഇപ്രാവശ്യം ക്രിസ്തു 'മിസ്സ്' ആവാതെ ക്രിസ്തുമസ് ആഘോഷിക്കാനാവട്ടെ.

ഇനിയങ്ങോട്ട് എന്റെ സുകൃതജപം ഇതാണ് 'ദൈവമേ, മനസ്സ് നന്മയുള്ളതാക്കണേ, നിന്റെ സ്വരം തിരിച്ചറിയാൻ എനിയ്ക്കാകണേ'...

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com